ഡിസ്റ്റിലെറി ഫാക്ടറി

* 1670 [18] ശ്രീ പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തലയിൽ സ്ഥാപിക്കുവാൻ പോകുന്ന ഡിസ്റ്റിലെറി ഫാക്ടറിയിൽ ഗവണ്മെൻറിനു വല്ല പങ്കുമുണ്ടോ; ഉണ്ടെങ്കിൽ എന്താണ്;

(ബി) ആ ഫാക്ടറിയിലെ പ്രധാന ഉല്പാദനം എന്തായിരിക്കും;

(സി) അതു പ്രവർത്തനത്തിൽ വരുമ്പോൾ എത്ര ആളുകൾക്ക് ജോലി ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇല്ല.

(ബി) നാടൻ വിദേശമദ്യം.

(സി) ഉദ്ദേശം 116 തൊഴിലാളികൾ ആവശ്യമുണ്ടായിരിക്കുമെന്നറിയുന്നു.

ശ്രീ. പി. എസ്. കാത്തികേയൻ: നാടൻ വിദേശമദ്യം എന്താണെന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. സി. അച്യുതമേനോൻ: വിദേശമദ്യത്തിനു തുല്യമായ രീതിയിൽ ഇവിടെ രാജ്യത്തു നിർമ്മിക്കുന്ന മദ്യത്തെ പാകപ്പെടുത്തി എടുക്കുന്നതിനെയാണ് നാടൻ വിദേശമദ്യമെന്നുകൊണ്ടുദ്ദേശിക്കുന്നത്.

സ്റ്റോർസ് ട്രാൻസ്പോർട്ട് ബസ്സ് സർവ്വീസ്.

* 1671 [19] ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കൊല്ലം മലബാറിൻറെ ഏതെങ്കിലും ഭാഗങ്ങളിൽ പുതുതായി സ്റ്റോർസ് ട്രാൻസ്പോർട്ട് എക്സ്പ്രസ്സ് ബസ്സുകൾ ഓടിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റൈനുകളിലാണ്;

(സി) ട്രാൻസ പോർട്ട് ലോക്കൽബസ്സുകൾ ഇന്നു മലബാർ ഭാഗത്തു് എവിടെയൊക്കെയാണ് ഓടിക്കൊണ്ടിരിക്കുന്നത്?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഉണ്ട്.

(ബി) 1. കോഴിക്കോട്—സുൽത്താൻബത്തേരി.

2. തൃശ്ശൂർ-കൊഴഞ്ഞാംപാറ.

(സി) 1. പെരുന്തൽമണ്ണ-കുറ്റിപ്പുറം—ഗുരുവായൂർ.

2. കണ്ണൂർ—തളിപ്പറമ്പ്

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ലോക്കൽ ബസ്സുകൾ കൂടുതലായി മലബാറിൽ ഇടാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. വി. തോമസ്: ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ഈ ചോദ്യം മുൻപു് അൻസർചെയ്തു കഴിഞ്ഞിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly